(സി) വടശ്ശേരിക്കര സെലക്ഷൻ ആഫീസിൽ എ.ഇ.യെ സമീപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മലയോരപ്രദേശങ്ങളിൽ കൂടുതൽ മേജർ സെക്ഷൻ ആഫീസുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതി നയം പൂർണ്ണമായി നടപ്പിലാക്കിക്കഴിഞ്ഞ് മാത്രമേ പുതിയ ആഫീസുകൾ തുടങ്ങുന്ന കാര്യം പരിഗണിക്കുന്നുള്ളൂ.

(ബി) വൈദ്യുതി വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി റാന്നി കേന്ദ്രമാക്കി ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) നിയമിച്ചിട്ടുണ്ട്.

(ഡി) സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതി നയം നടപ്പിലാക്കിക്കഴിഞ്ഞ് വൈദ്യുതി ബോർഡ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

91 (1000) വൈദ്യുതി ബോർഡ് നടത്തുന്ന സിമ്പോസിയങ്ങൾ

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരമാണ്ടിൽ വൈദ്യുതിയുടെ കാര്യത്തിൽ കേരളം മിച്ച സംസ്ഥാനമാകുമെന്ന് ചൂണ്ടിക്കാണിക്കുന്നതിനായി സംസ്ഥാന വൈദ്യുതി ബോർഡ് എത്ര സിമ്പോസിയങ്ങൾ നടത്തിയിട്ടുണ്ട്;

(ബി) ഇവയ്ക്കുവേണ്ടി എന്തു തുക ചെലവ് വന്നു?

ഉത്തരം

(എ) വൈദ്യുതി ബോർഡ് ഇതിനായി സിമ്പോസിയങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

92 (1001) വൈദ്യുതി ബോർഡ് ഓഫീസുകൾ

ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വൈദ്യുതി ബോർഡിന് എത്ര സർക്കിൾ ഓഫീസുകൾ ഉണ്ട്; ഏതെല്ലാം;

(ബി) അഡീഷണൽ ഡിപ്പോസിറ്റ് അടയ്ക്കണമെന്ന് കാണിച്ച് സംസ്ഥാനത്ത് എത്ര കൺസ്യൂമർമാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഇതിന്റെ ജില്ല തിരിച്ചോ സർക്കിൾ അടിസ്ഥാനത്തിലോ ഉള്ള കണക്ക് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly